"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- മൈനിംഗ് & ജിയോളജി -2015 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം ശ്രീ.രവി, രവി മന്ദിരം, വല്ലം, കൊട്ടാരക്കര സമർപ്പിച്ച അപ്പീൽ ഹർജി- തീർപ്പാക്കി - ഉത്തരവാകുന്നു.

---

**വ്യവസായ വകുപ്പ്**

G.O.(Rt)No.676/2026/ID തീയതി,തിരുവനന്തപുരം, 25-06-2026

---

പരാമർശം:-

1. കൊല്ലം ജില്ലാ ജിയോളജിസ്റ്റിന്റെ 24/5/2025 ലെ DOKOL-DMG/2879/2022-M നമ്പർ ഡിമാന്റ് നോട്ടീസ്
2. ശ്രീ.രവി, രവി മന്ദിരം, വല്ലം, കൊട്ടാരക്കര 10.06.2025 ന് സമർപ്പിച്ച അപ്പീൽ ഹർജി
3. ഡയറക്ടർ, മൈനിംഗ് & ജിയോളജിയുടെ 16/6/2026 ലെ ഡിഎംജി/2852/2025-എം6 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കൊട്ടാരക്കര താലൂക്കിൽ മൈലം വില്ലേജിൽ ബ്ളോക്ക് നമ്പർ 14 ൽ 159/13-2 റീ.സർവേ നമ്പരിൽപ്പെട്ട ശ്രീ. രവി എന്നയാളുടെ സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന്റ ഭാഗമായി 970 മെടൺ മണ്ണ് നീക്കം ചെയ്യുന്നതിന് 23/12/2022-ൽ അനുമതി നൽകിയിരുന്നുവെങ്കിലും ടി സ്ഥലത്ത് കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണമെങ്കിലും പൂർത്തിയാക്കി ജില്ലാ ജിയോളജി ആഫീസിനെ അറിയിക്കാത്തതിനെ തുടർന്ന് ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകിയതിന് മണ്ണ് നീക്കം ചെയ്തപ്പോൾ പാറ കാണപ്പെട്ടതിനാൽ കെട്ടിടനിർമ്മാണം നടത്താൻ കഴിഞ്ഞിട്ടില്ലന്ന് അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 19.02.2025 തീയതിയിൽ കൊല്ലം മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ ടി സ്ഥലത്തുനിന്നും 2295 മെ.ടൺ മണ്ണ് നീക്കം ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടു. ടി സാഹചര്യത്തിൽ അനധികൃതമായി ഖനനം ചെയ്ത് നീക്കിയ 2295 മെട്രിക് ടൺ സാധാരണ മണ്ണിന്റെ 5 ഇരട്ടി റോയൽറ്റിത്തുകയായ 2,29,500/-സർക്കാരിലേയ്ക്ക് ഒടുക്കുന്നതിനാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം കൊല്ലം ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസിനെതിരെയാണ് പരാമർശം(2) പ്രകാരം ശ്രീ.രവി പ്രസ്തുത അപ്പീൽ ഹർജി സമർപ്പിച്ചിരിക്കുന്നത്.

2) ഹർജിവിഷയവുമായി ബന്ധപ്പെട്ട് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിക്കുവേണ്ടി പ്രതിനിധിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു. മണ്ണ് ഖനനം നടത്തിയപ്പോൾ പാറ കണ്ടതു കൊണ്ടാണ് വീടിന്റെ നിർമ്മാണം നടത്താത്തതെന്നും അതിനാൽ ഒരു വർഷത്തിനകം അടിത്തറ കെട്ടിയില്ല എന്ന കാരണത്താൽ ഡിമാന്റ് ചെയ്തിരിക്കുന്ന

പെനാൽറ്റി ഒഴിവാക്കണമെന്നും അധികമായി ഖനനം നടത്തിയെന്ന് ഡിമാന്റ് നോട്ടീസിൽ പറഞ്ഞിരിക്കുന്ന അത്രയും അളവ് ഖനനം നടത്തിയിട്ടില്ലെന്നും അപ്പീൽകക്ഷിക്കുവേണ്ടി ഹാജരായ പ്രതിനിധി ബോധിപ്പിച്ചു. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് പ്രസ്തുത സ്ഥലം കക്ഷിയുടെ സാന്നിദ്ധ്യത്തിൽ പഞ്ചായത്ത് ഉദ്യോഗസ്ഥർക്കൊപ്പം സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ അപ്പീൽ അധികാരി ജില്ലാ ജിയോളജിസ്റ്റിനോട് നിർദേശിച്ചിരുന്നു.

3) ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ് സൂചന (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. ടി റിപ്പോർട്ടിൽ ഹിയറിംഗിൽ ജില്ലാ ജിയോളജിസ്റ്റിന് നൽകിയ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസിൽ നിന്നും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ, വസ്തു ഉടമ ചുമതലപ്പെടുത്തിയ ടിയാന്റെ പ്രതിനിധി എന്നിവരുടെ സാന്നിധ്യത്തിൽ 24.03.2026 തീയതിയിൽ സംയുക്ത സ്ഥലപരിശോധന നടത്തിയിരുന്നു. മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അംഗീകരിച്ച് നൽകിയ A5/BA (315904)/2022 നമ്പർ ബിൽഡിംഗ് പെർമിറ്റ് /ഡെവലപ്മെൻ്റ് പ്ലാൻ പ്രകാരം വസ്തുവിന്റെ പടിഞ്ഞാറ് ഭാഗത്തു ശ്രീ. രാജീവന്റെ വസ്തുവിന്റെ അതിരിൽ നിന്ന് 1.8m മാറിയാണ് മണ്ണ് ഖനനം ചെയ്യേണ്ടിയിരുന്നത്. നിലവിൽ ടി ഭാഗത്ത് അതിരിനോട് ചേർന്ന് 1.8m വീതിയിൽ 24m നീളത്തിൽ, ശരാശരി 2.75m (4+1.5/2) ആഴത്തിൽ ഡെവലപ്മെൻറ് ഏരിയക്കു പുറത്തു നിന്ന് 118.8 $m^3$(238 MT) മണ്ണ് ഖനനം ചെയ്തിരിക്കുന്നു. വസ്തുവിന്റെ കിഴക്ക് ഭാഗത്ത് ശ്രീമതി. സ്വർണകുമാരിയുടെ വസ്തുവിന്റെ അതിരിൽ നിന്ന് 5.23m(max), 1.85m(min) വിട്ടു മാത്രമാണ് മണ്ണ് ഖനനം ചെയ്യേണ്ടിയിരുന്നത്. നിലവിൽ ടി ഭാഗത്ത് അതിരിനോട് ചേർന്ന് 3.54m വീതിയിൽ 26.8m നീളത്തിൽ ശരാശരി 2.75m (4+1.5/2) ആഴത്തിൽ ഡെവലപ്മെൻറ് ഏരിയക്ക് പുറത്ത് നിന്ന് 260.89 $m^3$ (522 MT ) മണ്ണ് ഖനനം ചെയ്തിരിക്കുന്നു. മൈലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അംഗീകരിച്ച് നൽകിയ A5/BA (315904)/2022 നമ്പർ ബിൽഡിംഗ് പെർമിറ്റ്/ഡെവലപ്മെൻറ് പ്ലാൻ പ്രകാരം Q1, Q2, Q3 എന്നീ മൂന്ന് ഭാഗങ്ങളിൽ നിന്നായി 485 $M^3$ (970 MT) മണ്ണ് നീക്കം ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. വസ്തുവിന്റെ വടക്കു ഭാഗത്തുള്ള Q3 പോർഷനിൽ അനുവദിച്ച അളവിലാണ് മണ്ണ് നീക്കം ചെയ്തിരിക്കുന്നത്. വസ്തുവിന്റെ തെക്കു ഭാഗത്തുള്ള Q1 പോർഷനിൽ 19.47m നീളത്തിലും 7.46m വീതിയിലും 1.5m ആഴത്തിലും മണ്ണ് നീക്കം ചെയ്യുന്നതിനാണ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ളത്. നിലവിൽ Q1 പോർഷനിൽ 19.47m നീളത്തിലും 7.46m വീതിയിലും 4m താഴ്ചയിലും വരെ മണ്ണ് നീക്കം ചെയ്തിരിക്കുന്നു. Q1 Earth cutting പോർഷനിൽ അനുവദനീയമായ ആഴത്തിൽ കൂടുതൽ 363.11 m3 (726.22 MT) മണ്ണ് ഖനനം ചെയ്തിരിക്കുന്നു. വസ്തുവിൻ്റെ മദ്ധ്യ ഭാഗത്തുള്ള Q2 പോർഷനിൽ 19.47m നീളത്തിലും 13m വീതിയിലും 0.9 m ആഴത്തിലും മണ്ണ് നീക്കം ചെയ്യുന്നതിനാണ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ളത്. നിലവിൽ Q2 പോർഷനിൽ 19.47m നീളത്തിലും 13m വീതിയിലും 1.5 m താഴ്ചയിലും വരെ മണ്ണ് നീക്കം ചെയ്തിരിക്കുന്നു. Q2 പോർഷനിൽ അനുവദനീയമായ ആഴത്തിൽ കൂടുതൽ 151.86 $m^3$ (303.72 MT) മണ്ണ് ഖനനം ചെയ്തിരിക്കുന്നു. ഇപ്രകാരം Q1, Q2 പോർഷനുകളിൽ നിന്നും അനുമതിയിൽ അധികമായി 1029.94 MT മണ്ണ് നീക്കം ചെയ്തിട്ടുള്ളതാണ്. ഡെവലപ്മെന്റ് പ്ലാൻ പ്രകാരം അനുവദനീയമായ ആഴത്തിൽ കൂടുതൽ മണ്ണ് ഖനനം ചെയ്തിരിക്കുന്നതിനാലാണ് നിലവിൽ പ്ലാൻ പ്രകാരം വീട് വെക്കാനുള്ള Q1, Q2 പോർഷനുകളിൽ പാറ തെളിഞ്ഞു നിൽക്കുന്നത്.

അനുമതി നൽകിയതിൽ അധികമായി ഡെവലപ്മെന്റ് ഏരിയക്ക് അകത്ത് നിന്നും 1029.94 MT മണ്ണും ഡെവലപ്മെന്റ് ഏരിയക്ക് പുറത്തു നിന്ന് 760 MT മണ്ണും അനധികൃതമായി നീക്കം ചെയ്തിട്ടുള്ളതാണ് എന്നും കൊല്ലം ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി അപ്പീൽ കക്ഷിക്ക് 970 മെ. ടൺ മണ്ണ് നീക്കുന്നതിനാണ് 23.12.2022-ൽ ജില്ലാ ഓഫീസിൽ നിന്നും അനുമതി നൽകിയിരുന്നത്. ടി സ്ഥലത്ത് അനുമതി നൽകി ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം എങ്കിലും പൂർത്തിയാക്കി അറിയിക്കാത്തതിനാൽ 01.06.2025-ൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയിയതിന് ലഭ്യമാക്കിയ മറുപടിയിൽ മണ്ണ് നീക്കം ചെയ്തപ്പോൾ പാറ കാണപ്പെട്ടതിനാലാണ് കെട്ടിട നിർമ്മാണം നടത്തുവാൻ പറ്റാതെ വന്നതെന്ന് അപ്പീൽ കക്ഷി അറിയിച്ചിരുന്നു. മറുപടിയുടെ നിജസ്ഥിതി പരിശോധിക്കുന്നതിന് നടത്തിയ സ്ഥലം പരിശോധനയിൽ അപേക്ഷാ സ്ഥലത്തുനിന്നും ആകെ 2295 മെ. ടൺ മണ്ണ് നീക്കം ചെയ്തതായി കാണുകയും ടി അളവിന്റെ റോയൽറ്റിയുടെ 5 ഇരട്ടി തുകയായ 2,29,500/- രൂപ ഒടുക്കുന്നതിന് 24.05.2025ൽ ഡിമാൻഡ് നോട്ടീസ് നൽകുകയും തുടർന്ന് ഡിമാൻഡ് തുക ഒടുക്കാത്ത സാഹചര്യത്തിൽ 04.08.2025ന് റവന്യൂ റിക്കവറി ഉത്തരവും നൽകുകയും ചെയ്തിരുന്നു. ഈ നടപടിക്കെതിരെയാണ് സ്ഥലമുടമ സർക്കാരിൽ അപ്പീൽ സമർപ്പിച്ചത്.

ഹിയറിങ്ങ് വേളയിലെ അപ്പീൽ കക്ഷിയുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ നിർദ്ദേശപ്രകാരം ജില്ലാ ഓഫീസിലെ ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർ, സ്ഥലം ഉടമയുടെ പ്രതിനിധിയോടൊപ്പം 24.03.2026ൽ നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ ഡെവലപ്മെന്റ് ഏരിയക്കുള്ളിൽ നിന്നും അനുമതിക്ക് ഉപരിയായി 1029.94 മെ.ടണ്ണും ഡവലപ്മെന്റ് പ്ലാനിലെ ഏരിയയ്ക്ക് പുറത്ത് നിന്നും 760 മെ.ടണ്ണും ഉൾപ്പെടെ ആകെ 1789.94 മെ.ടൺ മണ്ണ് അനുമതിക്ക് ഉപരിയായി നീക്കം ചെയ്തതായി തിട്ടപ്പെടുത്തുകയുണ്ടായി. അപ്പീൽ കക്ഷിക്ക് ചട്ടപ്രകാരം അനുമതി നൽകിയിരുന്നത് 970 മെ.ടൺ എന്നിരിക്കെ അനധികൃതമായി നീക്കം ചെയ്ത അളവുകൂടി കണക്കിലെടുക്കുമ്പോൾ ആകെ നീക്കം ചെയ്ത മണ്ണിന്റെ അളവ് 2759.94 മെ.ടണ്ണാണ്. അനുമതി നൽകി ഒരു വർഷത്തിന് ശേഷവും കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം എങ്കിലും പൂർത്തിയാക്കാത്തതിന് ടി അളവിന്റെ റോയൽറ്റിയുടെ 5 ഇരട്ടി തുകയായ 2,75,994/- രൂപ ഒടുക്കുന്നതിന് അപ്പീൽ കക്ഷി ബാധ്യസ്ഥനാണ്. ആകയാൽ അപ്പീൽ കക്ഷിയുടെ അപ്പീൽ നിരസിച്ച് 2,75,994/- രൂപ അപ്പീൽ കക്ഷിയിൽ നിന്നും ഈടാക്കുന്നതിന് അനുമതി നൽകണമെന്നും ശുപാർശ ചെയ്തിരിക്കുന്നു.

4) ഹർജിവിഷയം വിശദമായി പരിശോധിച്ചു. ഹിയറിംഗിൽ വേളയിൽ സ്ഥലം പുന.പരിശോധന നടത്തണമെന്ന ഹർജിക്കക്ഷിയുടെ ആവശ്യം അംഗീകരിച്ചു ജില്ലാ ജിയോലജിസ്റ്റിന് നിർദ്ദേശം നല്കുകയും അതിൻ പ്രകാരം ജില്ലാ ഓഫീസിലെ ഉദ്യോഗസ്ഥർ,ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർ എന്നിവർ സ്ഥലം ഉടമയുടെ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ 24/03/2026-ൽ നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി അപ്പീൽ കക്ഷിക്ക് 970 മെ. ടൺ മണ്ണ് നീക്കുന്നതിനാണ് അനുമതി നൽകിയിരുന്നത് എങ്കിലും ഡെവലപ്മെന്റ് ഏരിയക്കുള്ളിൽ

നിന്നും അനുമതിക്ക് ഉപരിയായി 1029.94 മെ.ടണ്ണും ഡവലപ്മെന്റ് പ്ലാനിലെ ഏരിയയ്ക്ക് പുറത്ത് നിന്നും 760 മെ.ടണ്ണും ഉൾപ്പെടെ ആകെ 1789.94 മെ.ടൺ മണ്ണ് അനുമതിക്ക് ഉപരിയായി നീക്കം ചെയ്തതായി തിട്ടപ്പെടുത്തുകയുണ്ടായി. അപ്പീൽ കക്ഷിക്ക് ചട്ടപ്രകാരം അനുമതി നൽകിയിരുന്നത് 970 മെ.ടൺ എന്നിരിക്കെ അനധികൃതമായി നീക്കം ചെയ്ത അളവുകൂടി കണക്കിലെടുക്കുമ്പോൾ ആകെ നീക്കം ചെയ്ത മണ്ണിന്റെ അളവ് 2759.94 മെ.ടണ്ണാണ്. അനുമതിയിൽ കൂടുതൽ ഖനനം നടത്തിയതിനാലാണ് നിലവിൽ പ്ലാൻ പ്രകാരം വീട് വെയ്ക്കുന്ന ഭാഗത്ത് പാറ തെളിഞ്ഞുകാണുന്നതെന്നും ഡിഎംജി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനുമതി നൽകി ഒരു വർഷത്തിന് ശേഷവും കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം എങ്കിലും പൂർത്തിയാക്കാത്തതിന് കെ.എം.എം.സി ചട്ടം 14(5) പ്രകാരം ടി സ്ഥലത്ത് നിന്നും ഖനനം നടത്തി നീക്കം ചെയ്ത അളവിന്റെ അഞ്ചിരട്ടി പെനാൽറ്റി ആയി ഒടുക്കേണ്ടതുണ്ട്. അതിനാൽ സ്ഥലം പുന.പരിശോധന നടത്തിയതനുസരിച്ച് ഖനനം നടത്തി നീക്കം ചെയ്തതായി അളന്ന് തിട്ടപ്പെടുത്തിയ 2759.94 മെ.ടൺ മണ്ണിന്റെ റോയൽറ്റിയുടെ 5 ഇരട്ടി തുകയായ 2,75,994/- രൂപ ഒടുക്കുന്നതിന് അപ്പീൽ കക്ഷി ബാധ്യസ്ഥനാണ്. ഈ സാഹചര്യത്തിൽ പുന.പരിശോധന നടത്തിയതനുസരിച്ച് ഖനനം നടത്തി നീക്കം ചെയ്തതായി അളന്ന് തിട്ടപ്പെടുത്തിയ 2759.94 മെ.ടൺ മണ്ണിന്റെ റോയൽറ്റിയുടെ 5 ഇരട്ടി തുകയായ 2,75,994/- രൂപ പെനാൽറ്റിയായി നിർണ്ണയിച്ച് കൊണ്ട് പുതുക്കിയ ഡിമാന്റ് നോട്ടീസ് നടപടിക്രമങ്ങൾ പാലിച്ച് നൽകുന്നതിനും അതിൻ പ്രകാരം തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ ജിയോളജിസ്റ്റിന് നിർദേശം നൽകി ശ്രീ.രവി, രവി മന്ദിരം, വല്ലം, കൊട്ടാരക്കര സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
B AJITHA
ADDITIONAL SECRETARY

ശ്രീ.രവി, രവി മന്ദിരം, വല്ലം, കൊട്ടാരക്കര 691506

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം

ജില്ലാ ജിയോളജിസ്റ്റ്, കൊല്ലം

വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എ4/177/2025-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 29-06-2026 17:46:18